(ബി) എങ്കിൽ എന്തെല്ലാം സംഗതികളിലാണെന്ന് വ്യക്തമാക്കുമോ.;

(സി) മറ്റേതെങ്കിലും വിദേശ രാജ്യങ്ങളുമായോ, സ്ഥാപനങ്ങളുമായോ ആർ. സി. സി. യോജിച്ച് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) സാങ്കേതിക പരിജ്ഞാനം കൈമാറുന്നതു സംബന്ധിച്ച കാര്യത്തിൽ ധാരണയായിട്ടുണ്ട്.

(സി) ലോകാരോഗ്യ സംഘടന, ക്യാൻസർ ഗവേഷണത്തിനുള്ള അന്താരാഷ്ട്ര ഏജൻസി (ലിയോൺസ്, ഫ്രാൻസ്), ക്ലിനിക്കൽ ട്രയൽസ് യൂണിറ്റ് (ഓക്സ്ഫോർഡ്), നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് (അമേരിക്ക) എന്നീ സ്ഥാപനങ്ങളുമായി ക്യാൻസർ ഗവേഷണ രംഗത്ത് സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

സാസ്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച പനമ്പിള്ളി ഗോവിന്ദമേനോന്റെ ജീവചരിത്രം

75 [2507] *ശ്രീ. രോഷി അഗസ്റ്റിൻ:*

,, *തോമസ് ചാഴികാടൻ:*

,, *കെ. നാരായണക്കുറുപ്പ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച പനമ്പിള്ളി ഗോവിന്ദമേനോന്റെ ജീവചരിത്രം സംസ്ഥാനത്തെ ജില്ലാ ഇൻഫർമേഷൻ കേന്ദ്രങ്ങളിൽ വാങ്ങുന്നതു സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ;

(സി) നിവേദനത്തിന്മേൽ ഇൻഫർമേഷൻ വകുപ്പ് നാളിതുവരെ നടപടി സ്വീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗവേഷണ വിദ്യാർത്ഥികൾക്കും ചരിത്രാന്വേഷികൾക്കും പ്രയോജനപ്പെടുന്ന ജീവചരിത്രഗ്രന്ഥങ്ങൾ ജില്ലാ ഇൻഫർമേഴൻ സെന്ററുകളിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പുസ്തകത്തിന്റെ 16 പകർപ്പ് വാങ്ങുന്നതിന് വകുപ്പുതലത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അതിനായി പുസ്തകത്തിന്റെ വില അറിയിക്കുന്നതിനും പ്രസ്തുത ഗ്രന്ഥത്തിന്റെ ഒരു കോപ്പി അയച്ചുതരുന്നതിനും സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച്.. സ്വീകരിക്കും.

എയർ ഇന്ത്യ യാത്രക്കാരിൽ നിന്നും ഈടാക്കുന്ന നികുതി

76 [2508] *ശ്രീമതി മേഴ്സി രവി:*

ശ്രീ. കെ. മോഹൻകുമാർ:

,, *ജോർജ് ജെ. മാത്യു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബുദാബിയിൽ നിന്ന് ഇൻഡ്യയിലെ മുംബൈ, ഡൽഹി, കൊൽക്കത്ത, ബാംഗ്ളൂർ, ചെന്നൈ, ഗോവ, കൊച്ചി, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലേക്ക് യാത്രചെയ്യുന്നവരിൽ നിന്ന് എയർ ഇന്ത്യ നികുതിയായി എന്തുതുക വാങ്ങുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) അബുദാബിയിൽ നിന്ന് കൊച്ചിയിലേക്കും, തിരുവനന്തപുരത്തേക്കും യാത്ര ചെയ്യുന്നവരിൽ നിന്ന് ഇത്രയും വലിയ നികുതി ഈടാക്കുന്നതിനുള്ള കാരണം എന്താണെന്ന് പറയുമോ;

(സി) ഈ നികുതി ഡൽഹിക്കോ മുംബൈയ്ക്കോ നടത്തുന്ന യാത്രയ്ക്ക് ചുമത്തുന്ന നികുതിക്ക് തുല്യമാക്കിക്കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൺവേ 190 രൂപയും റിട്ടേൺ 380 രൂപയും നികുതി/സർചാർജ് ആയി ഈടാക്കുന്നു.

(ബി) & (സി) അബുദാബിയിൽ നിന്ന് ഡൽഹി, മുംബൈ, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുന്നവരിൽ നിന്നും ഈടാക്കുന്ന നികുതിക്ക് തുല്യമായ നികുതിയാണ് കൊച്ചി, തിരുവനന്തപുരം യാത്രക്കാരിൽ നിന്നും ഈടാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly